നം: എൻ.എം.3/52833/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 01.09.2014.

# <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസം – ഉച്ചഭക്ഷണ പരിപാടി – 2014 ഓണത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് 5Kg സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതു സംബന്ധിച്ച്.

സൂചന :(1) സർക്കാർ ഉത്തരവ് നം. (സാധാ) 3352/2014/പൊ.വി. തീയതി 21.08.2014.

(2) സർക്കാർ ഉത്തരവ് നം. (സാധാ) 3352/2014/പൊ.വി. തീയതി 01.09.2014.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുട്ടികൾക്കും 2014–ലെ ഓണത്തോടനുബന്ധിച്ച് 5 കി.ഗ്രാം വീതം സ്പെഷ്യൽ അരി വിതരണം ചെയ്യുവാൻ സൂചനപ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ അരി വിതരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും 5 കി.ഗ്രാം സ്പെഷ്യൽ അരിയുടെ ഇൻഡന്റ് ഉടൻ പാസ്സാക്കി നൽകേണ്ടതും, ഇൻഡന്റ് പ്രകാരമുള്ള സ്പെഷ്യൽ അരി ബന്ധപ്പെട്ട മാവേലിസ്റ്റോറിൽനിന്നും കൈപ്പറ്റി 2014 സെപ്റ്റംബർ 5–ാം തീയതിക്കുള്ളിൽ കുട്ടികൾക്ക് വിതരണം ചെയ്യുവാൻ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

സ്പെഷ്യൽ അരി വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സ്കൂൾ കുട്ടികളുടെ UID അല്ലെങ്കിൽ EID നമ്പരിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ അരി വിതരണം ചെയ്യേണ്ടതാണ്.
2. UID/EID ഇല്ലാത്ത കുട്ടികൾക്ക് സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതിന് മുൻപ് അവരുടെ രക്ഷിതാക്കളുടെ തെരെഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ റേഷൻ കാർഡ് പരിശോധിച്ച് യഥാർത്ഥ ഗുണേഭോക്താവാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. ഒന്നാം ക്ലാസ്സിലെ കുട്ടികളെ സംബന്ധിച്ചെടുത്തോളം, ആറാം പ്രവൃത്തി ദിവസത്തെ കണക്കെടുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടികൾക്കു മാത്രമേ സ്പെഷ്യൽ അരി വിതരണം ചെയ്യാൻ പാടുള്ളൂ.
4. നിലവിലുള്ള സ്പെഷ്യൽ അരി വിതരണ രജിസ്റ്ററിൽ കുട്ടികളുടെ UID / EID / ELECTION ID / RATION CARD നമ്പർകൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
5. വിതരണം ചെയ്ത സ്പെഷ്യൽ അരിയുടെ കണക്ക് പ്രധാനാദ്ധ്യാപകർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും, PTA പ്രസിഡന്റിനെയും അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>പകർപ്പ്:</u>

എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധാനാദ്ധ്യാപകർക്കും.(ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന).
ഡയറക്ടർ, ഐ.ടി.@ സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

# <u>പത്രക്കുറിപ്പ്</u>

2014 ഓണത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് 5 Kg സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്പെഷ്യൽ അരിയുടെ ഇൻഡന്റ് അടിയന്തിരമായി പാസ്സാക്കി നൽകേണ്ടതും പ്രധാനദ്ധ്യാപകർ സെപ്റ്റംബർ 3–ാം തീയതിക്കുമുമ്പേ അർഹതയുള്ള എല്ലാ കുട്ടികളക്കും സ്പെഷ്യൽ അരി വിതരണം ചെയ്യേണ്ടതുമാണ്.

**ഡി. ജയകുമാർ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ) ഇൻചാർജ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

നം: എൻ.എം.3/52883/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 22.08.2014.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

The Director,
Public Relations Department,
Government Secretariat,
Thiruvananthapuram.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം – ഉച്ചഭക്ഷണ പരിപാടി – 2014 ഓണത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് 5Kg സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതു സംബന്ധിച്ച്.
സൂചന : സർക്കാർ ഉത്തരവ് നം. (Rt) 3352/2014/പൊ.വി. തീയതി 21.08.2014.

2014 ഓണക്കാലത്ത് സ്കൂൾ കുട്ടികൾക്ക് 5 കി.ഗ്രാം സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പത്രക്കുറിപ്പ് ഇതോടൊപ്പം നൽകുന്നു. എല്ലാ പ്രമുഖ ദിനപത്രങ്ങളിലും ഈ വാർത്ത പ്രസിദ്ധീകരിക്കുവാൻ വേണ്ടനടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
**ഡി. ജയകുമാർ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ) ഇൻചാർജ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**